## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

പരിശോധിച്ച് ബോധ്യപ്പെട്ടു

## 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനു വേണ്ടിവാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേകം പദ്ധതി തായ്റാക്കിയിട്ടുണ്ട്.ഊരാളുങ്കൽ സൊസൈറ്റിയുമായി ഈ ആവശ്യത്തിന് വേണ്ടി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.ടി പദ്ധതി പൂർത്തിയാകുന്ന മുറക്ക് ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിൽ ഉള്ള എല്ലാ അസ്ഥികളുടെ കൃത്യമായ വിവരങ്ങൾ ലഭ്യമാകുന്നതും സമർപ്പിക്കുന്നതുമാണ്

## 1-1-2 അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യ പത്രിക പൂർണ്ണമായും സിസ്റ്റം ജനറേറ്റഡ് റിപ്പോർട്ടുകളാണ്. കെ പി ആർ ചട്ടം – 62(എഫ്) പ്രകാരംമുള്ള വാർഷിക അനുപാതങ്ങൾ, മുൻ വർഷത്തെ താരതമ്യ തുകകൾ എന്നിവ ലഭിക്കും വിധം സോഫ്റ്റ് വെയർ ക്രമീകരിക്കുന്നതിന് ഐ കെ എം നോട് ആവശ്യപ്പെട്ടിട്ടുണ്ട്

## 1-1-3 കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം

1. വ്യത്യാസം ബോധ്യപ്പെട്ടു. എന്നാൽ വാർഷിക ധനകാര്യ പത്രിക പൂർണ്ണമായും സിസ്റ്റം ജനറേറ്റഡ് റിപ്പോർട്ടുകളായതിനാൽ തിരുത്തൽ സാധിക്കുകയില്ല. അപാകത AITE മുഖേന IKM ന്റെ ശ്രദ്ധയിപ്പെടുത്തിയിട്ടുണ്ട്.

## 1-1-4 ബ്ലോക്ക് പഞ്ചായത്ത് ഷെയർ-സുലേഖ സ്റ്റേറ്റ്മെന്റ്, വാർഷിക കണക്ക് എന്നിവ പൊരുത്തപ്പെടുന്നില്ല

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം സംയുക്ത പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്ത് ഷെയർ ഇനത്തിൽ ലഭ്യമായ തുക 63,79,681 രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ഈ ഇനത്തിൽ ലഭ്യമായത് 67,28,747 (I 6പ്രകാരം 5,228,747+ B3 പ്രകാരം1,500,000) രൂപയാണ്. 349066 രൂപയുടെ വ്യത്യാസത്തിന് അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ 255/2025നമ്പർ കോഴിപ്പുറത്ത് മാട് നമ്പുറത്തിയിൽ എന്ന റോഡ് പദ്ധതിയുടെ തുക (349066/- രൂപ) സാങ്കേതിക കാരണങ്ങളാൽ സുലേഖയിൽ ചെലവ് വന്നിട്ടില്ലയെന്നും ആയത് പരിഹരിക്കുന്നതിന് സൂചിക സോഫ്റ്റ് വെയർ വഴിയും കത്ത് മുഖേനയും ഐ കെ എം നോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിരുന്നു. നിലവിൽ പ്രശ്നം പരിഹരിച്ചു കിട്ടിയിട്ടുണ്ട്. സുലേഖയിൽ ചെലവ് വന്നിട്ടുണ്ട് എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു

## 1-1-5 ഓഡിറ്റ് റിക്കവറി-ഹെഡ് മാറി അക്കൗണ്ട് ചെയ്തു

2025-26 വർഷം മുതൽ KSMART എന്ന സോഫ്റ്റ് വെയർ ആണ് ഉപോയോഗിച്ചു വരുന്നത് . 2024-25 ൽ ഉപോഗിച്ചിരുന്ന ILGMS എന്ന സോഫ്റ്റ് വെയറിൽ നിന്നും 2024-25 ലെ ബാലൻസ് ഷീറ്റ് മാത്രമാണ് KSMART ലേക്ക് കൊണ്ടുവരാൻ സാധ്യമാകുന്നത്. ആതൊണ്ട് തന്നെ റെക്ടിഫിക്കേഷൻ ജേർണലിലൂടെയുള്ള പ്രശ്നപരിഹാരം ചെയ്യുന്നതിന് നിർവിവാഹമില്ല. വരും വർഷങ്ങളിൽ ഇത്തരം അപാകത സംഭവിക്കാതെ നോക്കാമെന്നുള്ള വിവരം സമർപ്പിക്കുന്നു. തുടർവർഷങ്ങളിൽ ഈ രേഖപ്പെടുത്തലുകൾ ബാധിക്കുകയില്ലെന്നതുകൂടി പരിഗണിച്ച് പരാമർശം ഒഴിവാക്കി നൽകുന്നതിന് അപേക്ഷിക്കുന്നു.

## 1-1-6 സി എഫ് സി ഗ്രാന്റ് -B4 , B17 എന്നിവയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

B4 പ്രകാരം CFC Grand(Tied&Unitied) ഇനത്തിലെ 31.03.2025 ലെ നീക്കിയിരിപ്പ് തുക 1,25,10,893/-രൂപയാണ് (2473844 *10037049).എന്നാൽ ബന്ധപ്പെട്ട ബാങ്ക് അക്കൌണ്ടിലെ 31/03/2025 ലെ നീക്കിയിരിപ്പ് തുക 13,138,377 രൂപയാണ്.വ്യത്യാസം 627484 രൂപ ബ്ലോക്ക് വിഹിതമായി കൈമാറിയ തുകയുടെ ചെലവ് കഴിച്ചുള്ള തുകയും മുൻവർഷത്തെ ചെലവ് തുക റീഫണ്ട് ചെയ്തതും ഈ അക്കൌണ്ടിൽ ഉണ്ട്.കൃത്യമായ വ്യത്യാസം പരിശോധിച്ച് മറുപടി സമർപ്പിക്കുന്നതാണ്.

## 1-1-7 Excess of income Over Expenditure തുക വ്യത്യാസം

സോഫ്റ്റ് വെറിലെ പൊതു അപാകത ആയതിനാൽ AITE മുഖേന പരിഹാരം ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഐ കെ എം പ്രശ്നം പരിഹരിച്ചു തുരുന്ന മുറക്ക് തന്നെ റിപ്പോർട്ട് ചെയ്യുന്നതാണ്

## 1-1-8 ബാങ്കിൽ വന്ന ചെക്ക് തുക ഇപ്പോഴും വരവിലെടുത്തിട്ടില്ല

തുക ഇ പെയ്മെന്റ് വഴി സഞ്ചയ സോഫ്റ്റ് വെയറിൽ പോസ്റ്റിംഗ് വരികയും ആയതിന്റെ അടിസ്ഥാനത്തിൽ രശീതി ചെയ്യുകയും ചെയ്തിട്ടുണ്ടെങ്കിലും ആയത് ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. ആയതിനാലാണ് 2024-25 ലും റീകൺസീൽ ചെയ്യാതെ റീകൺസീലിയേഷൻ റിപ്പോർട്ടിൽ വന്നിട്ടുള്ളത്. തുക ബാങ്ക് അക്കൌണ്ടിൽ വന്നാൽ മാത്രമേ റീക്കൺസിലിയേഷനിലൂടെ റീക്കൺസിലിയേഷൻ റിപ്പോർട്ടിൽ നിന്നും തുക ഒഴിവാക്കാൻ സാധിക്കുകയുള്ളൂ

## 1-2 ബജറ്റ്

പരിശോധിച്ച് ബോധ്യപ്പെട്ടു

## 1-3 സാമ്പത്തിക നില

പരിശോധിച്ച് ബോധ്യപ്പെട്ടു

## 1-4 ഫണ്ട് വിനിയോഗം (അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

പരിശോധിച്ച് ബോധ്യപ്പെട്ടു

## 1-5 പദ്ധതി അവലോകനം

പരിശോധിച്ച് ബോധ്യപ്പെട്ടു

## 1-6 തൊഴിലുറപ്പ് പദ്ധതി

പരിശോധിച്ച് ബോധ്യപ്പെട്ടു

## 1-7 ക്ഷേമ പദ്ധതികൾ

പരിശോധിച്ച് ബോധ്യപ്പെട്ടു

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

പരിശോധിച്ച് ബോധ്യപ്പെട്ടു

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

1.സ്ക്രപ്പുകൾ യഥാസമയം ലേല നടപടികൾ സ്വീകരിച്ചു കൈയൊഴിയുന്നതിന് പ്രതേക ശ്രദ്ധ പതിപ്പിക്കുന്നതാണ് എന്ന് ബോധിപ്പിക്കുന്നു.
2.
3.വാർഷിക പദ്ധതി മാർഗരേഖ സ.ഉ.(കൈ) നം.84/2022/ത.സ്വ.ഭ.വ തീയതി. 19.04.2022 , ഖ.3.1.2 എന്നിവയിൽ വ്യക്തമാക്കിയ പ്രകാരം 13 വർക്കിങ് ഗ്രൂപ്പുകളുടെ പ്രവർത്തനം നടപ്പ് സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതാണെന്നും , മാർഗ്ഗരേഖയിൽ നിർദേശിക്കപ്പെട്ട പ്രകാരം എല്ലാ വർക്കിങ് ഗ്രൂപ്പുകളും അതത് മേഖലയിലെ പദ്ധതികളുടെ മോണിറ്ററിങ് ചുമതല നടപ്പിലാക്കുന്നതിന് നിർദേശം നൽകുന്നതും ,ആയതിന് വേണ്ട സൗകര്യങ്ങൾ ചെയ്തു നൽകുന്നതാണെന്നും ഇക്കാര്യം നടന്നു വരുന്നുണ്ട് പ്രത്യേകം ഉറപ്പു വരുത്തുന്നതാണെന്നും ബോധിപ്പിക്കുന്നു.ഓഡിറ്റ് റിപ്പോർട്ട് 1-41- ബാധകം
4.ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം നമ്പർ 8/1 തീയതി -21.1.2025, തീരുമാനം നമ്പർ 10/3 തീയതി -25.6.2025- എന്നീ തീരുമാനങ്ങൾ പ്രകാരം പുതുതായി ഗ്രാമപഞ്ചായത്തിലേക്ക് അനുവദിക്കപ്പെട്ട ഹോമിയോ ഡിസ്പെൻസറിക്ക് വേണ്ടി എച് എം സി രൂപീകരിച്ചിട്ടുണ്ട്.വിവരങ്ങൾ ഇതോടൊപ്പം സമർപ്പിക്കുന്നു. ഓഡിറ്റ് റിപ്പോർട്ട് 1-18- ബാധകം

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പരിശോധിച്ച് ബോധ്യപ്പെട്ടു

## 1-11 ജലജീവൻ മിഷൻ പദ്ധതി

ജൽ ജീവൻ മിഷൻ പദ്ധതിക്ക് വേണ്ടി സർക്കാർ ഉത്തരവ് പ്രകാരം നിർവഹണ ഏജൻസിയായ welfare services ponnurunni ernakulam , എന്ന ISA ഏജൻസിയുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.എന്നാൽ നാളിതു വരെ ഇത് സംബന്ധിച്ച് ഡിമാൻഡ് നോട്ടീസ് ലഭിച്ചിട്ടില്ല ആയത് ലഭ്യമാകുന്ന പ്രകാരം നിലവിലുള്ള സർക്കാർ ഉത്തരവിന് വിധേയമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന വിവരം സമർപ്പിക്കുന്നു.

## 1-12 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം

ഹെൽത്ത് ഗ്രാന്റ് പദ്ധതികൾ പെരുവള്ളൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടത്തി വരുന്നു.നടപ്പു സാമ്പത്തിക വർഷതിൽ ടി പദ്ധതിയിൽ രൂപ ചെലവായതായും ,ബാക്കി തുക വിനിയോഗിച്ചു ഈ വർഷം തന്നെ പൂർത്തീകരിക്കുന്നതാണ് എന്നും മെഡിക്കൽ ഓഫീസർ കത്ത് നൽകിയിട്ടുണ്ട്.ആവശ്യമായ തുടർ നടപടികൾ ,മേൽനോട്ടവും ഇക്കാര്യതിൽ സ്വീകരിക്കുമെന്ന് ബോധിപ്പിക്കുന്നു.

## 1-13 സുഖായുസ്സ്, ബാല്യം പദ്ധതി-വിവരങ്ങൾ പൂർണ്ണമല്ല

നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ മറുപടി സമർപ്പിച്ചിട്ടുണ്ട്.ഭരണസമിതിയോഗം മറുപടി പരിശോധിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നതിന് തീരുമാനിച്ചു.ടി മറുപടി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

## 1-14 സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നു.

ഓഡിറ്റ് റിപ്പോർട്ട് പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

## 1-15 തൊഴിൽ നികുതി -അപാകതകൾ

പട്ടികയിൽ പരാമർശിച്ച -യാരാ ഹൈപ്പർമാർക്കറ്റ് RG101107-25003937,25003938 നമ്പർ രസീത് പ്രകാരവും ,സുപീരിയർ ട്യൂഷൻ സെന്റർ 08/09/2025 തീയതിയിലെ RG101107- 25003290 നമ്പർ രസീത് പ്രകാരവും തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്,പട്ടികയിലെ മറ്റു സ്ഥാപനങ്ങൾക്കും തൊഴിൽ നികുതി അടവാക്കുന്നതിനുള്ള അറിയിപ്പ് നല്കിയിട്ടുള്ളതാണ്..ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.റേഷൻ കട ഉടമകൾക്ക് തൊഴിൽ നികുതി അടവാക്കുന്നതിന് കൃത്യമായി അറിയിപ്പ് നല്കിയിട്ടുള്ളതാണ്.ആയതിന് റേഷൻ കട ഉടമകൾ നല്കിയ മറുപടി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

## 1-16 ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു.

തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ബോധിപ്പിക്കുന്നു.പരാമർശം ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു.

## 1-17 ഹോമിയോ- മരുന്ന് വാങ്ങൽ പദ്ധതിയിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ മറുപടി സമർപ്പിച്ചിട്ടുണ്ട്.ഭരണസമിതിയോഗം മറുപടി പരിശോധിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നതിന് തീരുമാനിച്ചു.ടി മറുപടി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

## 1-18 ഹോമിയോ- എച്ച്.എം.സി രൂപീകരിച്ച് വിവരം അറിയിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം നമ്പർ 8/1 തീയതി -21.1.2025, തീരുമാനം നമ്പർ 10/3 തീയതി -25.6.2025- എന്നീ തീരുമാനങ്ങൾ പ്രകാരം പുതുതായി ഗ്രാമപഞ്ചായത്തിലേക്ക് അനുവദിക്കപ്പെട്ട ഹോമിയോ ഡിസ്പെൻസറിക്ക് വേണ്ടി എച് എം സി രൂപീകരിച്ചിട്ടുണ്ട്.വിവരങ്ങൾ ഇതോടൊപ്പം സമർപ്പിക്കുന്നു.

## 1-19 കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം.

1.ക്ലീൻഅപ് ലോൺട്രി സ്ഥാപനത്തിന്റെ കെട്ടിട നമ്പർ തെറ്റായി 14/25 എന്ന് രേഖപ്പെടുത്തിയതാണ്.2024-25 വർഷം വിനിയോഗഗണം വാണിജ്യമായ 3/226 എന്ന കെട്ടിടത്തിലാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ലൈസൻസ് രജിസ്റ്ററിൽ വന്ന 14/25 എന്നുള്ള പിശക് തിരുത്തി രേഖപ്പെടുത്തിയിട്ടുണ്ട് എന്നുള്ള വിവരം ബോധിപ്പിക്കുന്നു.
2.കാടപ്പടി വാച്ച് വർക്ക്സ് എന്ന സ്ഥാപനത്തിന് പാർപ്പിടം എന്ന വിനിയോഗ ഗണത്തിലുള്ള കെട്ടിടത്തിൽ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച്- ടി സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചത് വിനിയോഗ ഗണം വാണിജ്യം ആയ 11/343 എന്ന കെട്ടിട നമ്പറിലാണ്.ലൈസൻസ് രജിസ്റ്ററിൽ വന്ന 11/343 എന്നുള്ള പിശക് തിരുത്തി രേഖപ്പെടുത്തിയിട്ടുണ്ട് എന്നുള്ള വിവരം ബോധിപ്പിക്കുന്നു.
3. ലോഡ്ജ് എന്ന വിനിയോഗ ഗണത്തിലുള്ള 15/293 എന്ന കെട്ടിടത്തിൽ Nuha Enterprises എന്ന സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച്- പരാമർശത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വിനിയോഗഗണം മാറ്റുന്നതിനായി അറിയിപ്പ് ഉൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നുള്ള വിവരം ബോധിപ്പിക്കുന്നു.

## 1-20 ടർഫുകൾ - നമ്പർ നൽകി വസ്തു നികുതി ചുമത്തിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് ടർഫുകളിൽ നിന്ന് നികുതി ക്രമപ്രകാരം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു.

## 1-21 അനധികൃത കെട്ടിടം-നികുതി കുടിശ്ശിക നിലനിൽക്കുന്നു

ടി കെട്ടിടത്തിന്റെ നികുതികുടിശ്ശിക ഈടാക്കുന്നതിന് ഓൺലൈൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു.പരാമർശം ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു.

## 1-22 അൺഎയ്ഡഡ് വിദ്യഭ്യാസ സ്ഥാപനത്തിന്റെ വസ്തുനികുതി പുന:സ്ഥാപിച്ചില്ല

നികുതി പുനർ നിർണ്ണയിച്ച് ഈടാക്കാനുള്ള അൺഎയ്ഡഡ് വിഭ്യാഭ്യാസ സ്ഥാപനങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിവരം ബോധിപ്പിക്കുന്നു.പരാമർശം ഒഴിവാക്കിതരുന്നതിന് അപേക്ഷിക്കുന്നു.

## 1-23 ഗുണഭോക്തൃ വിഹിതം നീക്കിയിരിപ്പ്-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറുടെ റിപ്പോർട്ട് കൂടി ലഭ്യമായെങ്കിൽ മാത്രമേ ചെലവഴിക്കാതിരിക്കുന്നതിന് കാരണം വ്യക്തമാവുകയുള്ളൂ. മുൻ വർഷങ്ങളിലും ഗുണഭോക്തൃ വിഹിതത്തിൽ നീക്കി ബാക്കിയുള്ളതിനാൽ കൂടുതൽ പരിശോധന ആവശ്യവുമാണ്. എത്രയും വേഗം നിർവ്വഹണ ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് ലഭ്യമാക്കി കൃത്യമായ വിശദീകരണം നൽകുന്നതാണ്

## 1-24 അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളേയും അളന്ന് ജി ഐ എസ് മാപ്പിംഗ് ചെയ്യുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയുമായി ഉടമ്പടിയിലേർപ്പെട്ട് ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും , വസ്തുനികുതി പരിഷ്കരണ നടപടികൾ ജി ഐ എസ് മാപ്പിംഗിനു ശേഷം പൂർത്തിയാവുമെന്നും ബോധിപ്പിക്കുന്നു.ആയതിനാൽ പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു.

## 1-25 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (195/25) എന്ന പദ്ധതി പ്രകാരം കുന്നുംപ്പുറം തലപ്പാറ കെ എസ് ഇ ബി സെക്ഷനുകൾ മുഖേന ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ തലപ്പാറ കെ എസ് ഇ ബി യിൽ നിന്നുള്ള യു സി നേരത്തെ ഓഡിറ്റ് മുൻപാകെ സമർപ്പിച്ചിട്ടുണ്ട്.
കുന്നുംപുറം കെ എസ് ഇ ബി യിൽ നിന്നും യു സി ലഭ്യമാക്കുന്നതിനായി അറിയിപ്പ് നൽകിയിട്ടുണ്ട് ,ലഭ്യമാക്കി ഓഡിറ്റ് മുൻപാകെ സമർപ്പിക്കുന്നതാണ്

## 1-26 എസ്.എസ്.കെ വിഹിതം - പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല

ഓഡിറ്റ് നോട്ട് പ്രകാരം SSK ഫണ്ട് ഉപയോഗിച്ച് പഞ്ചായത്തിലെ സ്കൂളിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദ വിവരങ്ങൾ സമർപ്പിക്കുന്നതിന് വേണ്ടി SSK,ബി ആർ സി ക്കു അറിയിപ്പ് നൽകിയിട്ടുണ്ട് ,ലഭ്യമാകുന്ന പ്രകാരം വിവരങ്ങൾ ഓഡിറ്റ് മുൻപാകെ സമർപ്പിക്കുന്നതാണ്

## 1-27 കുഴൽകിണർ മോട്ടോർ സ്ഥാപിക്കൽ - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുഴൽകിണർ മോട്ടോർ സ്ഥാപിക്കൽ പദ്ധതികൾ മുഖേന മേൽ പ്രകാരം ഭൂജല വകുപ്പ് മലപ്പുറം ജില്ലാ ഓഫീസർക്ക് തുക നൽകിയിട്ടുണ്ട്.പ്രവർത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ഭൂജല വകുപ്പിന് അറിയിപ്പ് നൽകിയിട്ടുണ്ട്.ലഭ്യമാകുന്ന പ്രകാരം ഓഡിറ്റിനു സമർപ്പിക്കുന്നതാണ്

## 1-28 ഭവന നിർമ്മാണം- പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മറുപടി സമർപ്പിച്ചിട്ടുണ്ട്.ആയത് ഇതോടൊപ്പം ചേർക്കുന്നു.

## 1-29 വീട് വാസയോഗ്യമാക്കൽ പദ്ധതി- പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മറുപടി സമർപ്പിച്ചിട്ടുണ്ട്.ആയത് ഇതോടൊപ്പം സമർപ്പിക്കുന്നു.

## 1-30 അംഗനവാടിക്ക് വിഹിതം നൽകൽ - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല

എം.ജി എൻ. ആർ.ഇ.ജി എസ്ൽ ഉൾപ്പെടുത്തി സിദ്ധീഖാബാദ് അംഗനവാടി നിർമ്മാണം (194/25) എന്ന പദ്ധതി പ്രകാരം ഏഴു ലക്ഷം രൂപ എം.ജി എൻ. ആർ.ഇ.ജി എസ് മിഷൻ ഡയറക്റ്റർക്ക് കൈമാറുകയും പ്രവർത്തി മെയിൻ സ്ലാബ് വേ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.വളരെ പെട്ടെന്ന് പൂർത്തിയാക്കുന്നതും ,യു സി ലഭ്യമാക്കുന്നതുമാണ്. എം.ജി എൻ. ആർ.ഇ.ജി എസ് വിഭാഗം നൽകിയ റിപ്പോർട്ട് ഇതോടൊപ്പം ചേർക്കുന്നു.

## 1-31 പഞ്ചായത്ത് മീറ്റിംഗ് ഹാളിലേക്ക് സൗണ്ട് സിസ്റ്റം/പ്രൊജക്ടർ വാങ്ങൽ - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല

പഞ്ചായത്ത് മീറ്റിംഗ് ഹാളിലേക്ക് സൗണ്ട് സിസ്റ്റം/പ്രൊജക്ടർ വാങ്ങൽ (391/25) എന്ന പദ്ധതി പ്രകാരം 15.3.2025 തീയതി അതായത് 2024 -2025 സാമ്പത്തിക വർഷത്തിലെ അവസാന മാസത്തിലാണ് ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റിലേക്ക് തുക ഡെപ്പോസിറ്റ് ചെയ്തത്.എന്നാൽ 2025 -2026 സാമ്പത്തിക വർഷം ഒക്ടോബർ മാസത്തിൽ പദ്ധതി പ്രകാരം പഞ്ചായത്ത്

മീറ്റിംഗ് ഹാളിൽ സൗണ്ട് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്.ടി പ്രവർത്തി പൂർത്തീകരിക്കുകയും സൈറ്റ് HANDOVER സെക്രട്ടറിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട് ,സാക്ഷ്യപത്രം ഇതോടൊപ്പം സമർപ്പിക്കുന്നു.ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

## 1-32 മുൻകൂർ ക്രമീകരിച്ചില്ല

ശ്രീമതി.റസിയ കെ. ഇ. എന്ന ജീവനക്കാരിക്ക് ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ 10,000 രൂപ ടി ജീവനക്കാരി ട്രാൻഫറായി ജോലിയിൽ പ്രവേശിച്ച ഗ്രാമ പഞ്ചായത്ത് ശമ്പളത്തിൽ നിന്നും റിക്കവർ ചെയ്ത് കൈമാറി തരുന്ന മുറക്ക് ക്രമീകരിക്കാവുന്നതാണ്. കത്ത് നൽകിയിട്ടുണ്ട്. തുക ലഭ്യമായാലുടൻ ക്രമീകരിച്ച് വിവരം സമർപ്പിക്കുന്നതാണ്.

രോഗ നിർണ്ണയ അടിസ്ഥാന സൗകര്യ വികസനത്തിനായി മെഡിക്കൽ ഓഫീസർ CHC ക്ക് നൽകിയ 36,791/- രൂപ 2025-26 ൽ ക്രമീകരിച്ചിട്ടുണ്ട്.
ലൈഫ് ഭവന പദ്ധതി വീട്ടിർമ്മാണ ധനസഹായം VEO ക്ക് കൈമാറിയത് 100000/- രൂപ ക്രമീകരിച്ചിട്ടുണ്ട്.
വാർഡ് തല ശുചിത്വ മിഷൻ ഫണ്ട് മെഡിക്കൽ ഓഫീസർക്ക് കൈമാറിയ തുകക്കുള്ള വിനിയോഗ സാക്ഷ്യപത്രം മെഡിക്കൽ ഓഫീസർ ഹാജരാക്കാത്തതിനാലാണ് തുക ക്രമീകരിക്കാത്തത്. വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമായാൽ ക്രമീകരിച്ച് റിപ്പോർട്ട ചെയ്യുന്നതാണ്

## 1-33 ഹരിത കർമ്മസേന ശേഖരിച്ച മാലിന്യങ്ങൾ കയറ്റി അയക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

1 31/12/2022 തീയതിയിലെ.പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 7(2) നമ്പർ തീരുമാനപ്രകാരമാണ് ഗ്രീൻ വേംസ് എക്കോസൊലൂഷൻ എന്ന സ്ഥാപനത്തിന് ചുമതല ഏൽപ്പിച്ചിട്ടുള്ളത്.പ്രസ്തുത തീരുമാനം ഇതോടൊപ്പം ചേർക്കുന്നു.കരാർ കാലാവധി പുതുക്കിയതിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു.
2.നിലവിൽ എം സി എഫിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ കാലതാമസം കൂടാതെ തന്നെ നീക്കം ചെയ്ത് വരുന്നുണ്ട്.

## 1-34 ഡിജി കണക്റ്റ് -ഗ്രാമ പഞ്ചായത്ത് സോഷ്യൽ മീഡിയാ പ്രവർത്തനങ്ങൾ- പദ്ധതി നടത്തിപ്പിലെ അപാകതകൾ

1.Horizone Media Paravur എന്ന സ്ഥാപനം പദ്ധതി മുൻപോട്ട് കൊണ്ട് പോകുന്നതിന് അസൗകര്യം അറിയിച്ചു കത്ത് നൽകിയിയത്തിന്റെയും ,പിന്നീട് ടി സ്ഥാപനത്തെ ബന്ധപ്പെട്ടപ്പോൾ പഞ്ചായത്ത് ഉദ്ദേശിക്കുന്ന തരത്തിൽ മുഴുവൻ പ്രവർത്തനങ്ങൾ സാധിക്കാത്ത സാങ്കേതിക പ്രയാസങ്ങൾ ഉണ്ട് എന്ന് അറിയിച്ചതിന്റെയും അടിസ്ഥാനത്തിലാണ് ഡിജി ട്രസ് എന്ന സ്ഥാപനത്തിന്റെ കൊട്ട പരിഗണിച്ചത്.കൂടാതെ ടി സ്ഥാപനത്തിന് ഗ്രാമപഞ്ചായത്തിന്റെ സോഷ്യൽ മീഡിയ പ്രവർത്തനങ്ങൾ നടത്തിയ മുൻപരിചയം ഇല്ലായിരുന്നു.
DIGI TRACE എന്ന സ്ഥാപനത്തിന്റെ രേഖകൾ പരിശോധിച്ചതിൽ ടി സ്ഥാപനം നിലവിൽ തന്നെ ആറിലധികം ഗ്രാമപഞ്ചായത്തുകളിൽ സോഷ്യൽ മീഡിയ സേവനങ്ങൾ നടത്തി വരുന്നതായി ബോധ്യപ്പെട്ടതിൻെറയും ,പ്രസിഡന്റ് ഉൾപ്പെടെ ഭരണസമിതി ഇക്കാര്യം വിശദമായി അന്വേഷിച്ചു വിവരങ്ങൾ കമ്മിറ്റി മുൻപാകെ അവതരിപ്പിച്ചു ബോധ്യപ്പെട്ടതിനാൽ ആണ് ടി സ്ഥാപനത്തെ തെരെഞ്ഞെടുത്തത്.
ആദ്യമായി ഇത്തരത്തിൽ ഒരു പദ്ധതി നടപ്പിലാക്കുമ്പോൾ മുൻപരിചയം എന്ന ഘടകം വളരെ പ്രധാനനമാണ് എന്നത് പ്രത്യേകം പരിഗണിക്കുകയും ചെയ്തിട്ടുണ്ട്.ഈ വസ്തുതകൾ പരിഗണിച്ചു 24500 റോപ്പയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. HORIZONE മീഡിയ പറവൂർ എന്ന സ്ഥാപനം നൽകിയ കത്ത് ഇതോടൊപ്പം സമർപ്പിക്കുന്നു.
2.വെബ്സൈറ്റ് തയാറാക്കുകയും ടി വെബ്സൈറ്റിന്റെ അഡ്രെസ്സ് ഓഡിറ്റിങ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് , ഇതോടൊപ്പം പുനസമർപ്പിക്കുന്നു.മാറുന്ന കാലത്തിനൊപ്പം സമാർട്ടായി പെരുവള്ളൂർ ഗ്രാമപഞ്ചായത്ത്. ജനങ്ങൾക്ക് സേവനങ്ങൾ വളരെ ലളിതവും, ജനകീയവും ആക്കുന്നതിന് ഡിജിറ്റൽ സംവിധാനങ്ങൾ ഒരുങ്ങിയിരിക്കുന്നു. ലിങ്ക് താഴെ ചേർക്കുന്നു.

AI വാട്ട്സ്ആപ്പ് ചാറ്റ്ബോട്ട് NO:9496047932

ഔദ്യോഗിക വെബ്സൈറ്റ് :https://peruvallur.lsgd.in/

## 1-35 തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി - അപാകതകൾ

1.ടെണ്ടർ നടപടികൾ സ്വീകരിക്കാതെ സ.ഉ(സാധാ)1093/2017/തസ്വ.ഭവ തിയതി5.4.2017 നമ്പർ ഉത്തരവ് പ്രകാരമാണ് ക്രൂസിനെ പ്രസ്തുത മേൽ പദ്ധതി ഏല്പിച്ചിട്ടുള്ളത് പദ്ധതി ഏൽപ്പിച്ചിട്ടുള്ളത്. മേൽ ഉത്തരവ് പ്രകാരം ക്രൂസിന്റെ അനുബന്ധ യുണിറ്റ് ആയ കെ ജി എൽ ൽ നിന്നും തെരുവ് വിളക്കുകൾ ഉൾപ്പെടെ ഉള്ള എലെക്ട്രിക്കൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങാമെന്നും ,ടി ഉത്തരവ് ഇപ്പോഴും ബാധകമാണെന്നു ക്രൂസിന്റെ മാനേജിങ് ഡയറക്ടറായ ബഹു പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട് .കത്ത് ഇതോടൊപ്പം സമർപ്പിക്കുന്നു.
കൂടാതെ CC - യോഗത്തിൽ ഇക്കാര്യം പരിഗണിക്കുകയും തദ്ദേശ സ്ഥാപനങ്ങൾക്ക് കെ ജി എൽ ൽ നിന്നും തെരുവ് വിളക്കുകൾ വാങ്ങുന്നതിനു അനുമതി നൽകിയിട്ടുണ്ട്.മിനിട്ട്സ് പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു.
2.വാർഡ് മെമ്പർ മാരുടെ സാക്ഷ്യപത്ര പ്രകാരം 33 ലൈറ്റുകൾ സ്ഥാപിക്കുകയും എന്നാൽ 1 ലൈറ്റ് കൂടെ ബാക്കി വന്നപ്പോൾ പ്രസിഡന്റിന്റെ നിർദേശപ്രകാരം വാർഡ് 8 ഒരു ലൈറ്റ് കൂടെ സ്ഥാപിച്ചു നൽകിയിട്ടുണ്ട്,പ്രസിഡണ്ട് ഇത് അടക്കം ആകെ 34 ലൈറ്റുകൾ സ്ഥാപിച്ചതിന്റെ സാക്ഷ്യപത്രം നൽകിയിട്ടുണ്ട് .കൂടാതെ 34 ലൈറ്റുകൾ സ്ഥാപിച്ച വിവരങ്ങൾ രെജിസ്റ്ററിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്.ആയത് പ്രകാരം ലഭ്യമായ 34 ലൈറ്റുകളും പൂർണമായും സ്ഥാപിച്ചിട്ടുണ്ട് എന്ന കാര്യം സമർപ്പിക്കുന്നു.
3. WARD 7.12.17 എന്നീ വാർഡുകളുടെ വാർഡ് മെമ്പർമാരുടെ ഒപ്പ് ലഭ്യമാക്കിയിട്ടുണ്ട്.സ്ഥാപിച്ച മുഴുവൻ ലൈറ്റുകളുടെ വിവരങ്ങളും രെജിസ്റ്ററിൽ ചേർത്തിട്ടുണ്ട്.
4.പഞ്ചായത്തിന്റെ അനിവാര്യചുമതലയിൽ പെട്ട തെരുവ് വിളക്കുകൾ സ്ഥാപിക്കലും പരിപാലനവും സുഗമവും ലളിതവുമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി കുറഞ്ഞ ചെലവിൽ പൊതുജനങ്ങളുടെ സഹകരണത്തോടെ തെരുവ് വിളക്കുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി ആണ് ഈ പദ്ധതി തയാറാക്കിയിട്ടുള്ളത്.
. നിലവിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിച്ച സ്ഥലങ്ങളിൽ മാത്രമേ തെരുവി വിളക്കുകൾ സ്ഥാപിക്കാനാകുക എന്നതിനാൽ തന്നെ പല സ്ഥലങ്ങളിലും രാത്രി കാലങ്ങളിൽ വലിയ ബുദ്ധിമുട്ടുകൾ നേരിടുന്നു. തെരുവ് വിളക്കുകൾ ആവശ്യമുള്ള മുഴുവൻ സ്ഥലങ്ങളിലും സ്ട്രീറ്റ് മെയിൻ വലിക്കുക എന്നത് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വലിയ സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതാകുന്നു. ആയത് തരണം ചെയ്യുന്നതിനാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.
മേൽപറഞ്ഞ ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതിനായി സ്ട്രീറ്റ് മെയിൻ ഇല്ലാത്തതും എന്നാൽ തെരുവ് വിളക്ക് ആവശ്യമായ സ്ഥലങ്ങളിൽ സമീപത്തുള്ള കറണ്ട് ചാർജ്ജ് വഹിക്കാൻ തയ്യാറുള്ളതുമായ ആളുകളെ കണ്ടെത്തി വീടിന് സമീപം റോഡിന്റെ വശത്ത് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ച് നൽകുന്നു. തുടർപ്രവർത്തനങ്ങൾ പ്രസ്തുത വ്യക്തി നിർവ്വഹിക്കേണ്ടതാണ്.
മേൽ പദ്ധതി നടപ്പിലാക്കുന്നതിനായി കെ എസ് ഇ ബി യുടെ പോസ്റ്റുകൾ ഒന്നും ഉപയോഗിക്കുന്നില്ല , സ്വകര്യ വ്യക്തികളുടെ പറമ്പിനോട് ചേർന്ന് വഴിയരികിൽ പ്രത്യേകം പോൾ സ്ഥാപിച്ചു കൊണ്ടാണ് എല്ലാ ലൈറ്റുകളും സ്ഥാപിച്ചിട്ടുള്ളത്.
ആയതിനാൽ തന്നെ നൂതന പദ്ധതി ആയി ആവിഷ്കരിക്കുകയും ,നൂതന കമ്മിറ്റി അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട് എന്ന കാര്യം ബോധിപ്പിക്കുന്നു.
5.ഈ നൂതന പദ്ധതി നടപ്പിലാക്കുന്നതിനായി കെ എസ് ഇ ബി യുടെ സഹകരണം , പോസ്റ്റുകൾ ആവശ്യമായി വന്നിട്ടില്ല എന്ന വിവരം ബോധിപ്പിക്കുന്നു.
6.ഈ നൂതന പദ്ധതി ആയി പുതിയ ലൈറ്റുകൾ ആണ് ഇ പദ്ധതി പ്രകാരം സ്വകര്യ വ്യക്തികളുടെ പറമ്പിനോട് ചേർന്ന് വഴിയരികിൽ പ്രത്യേകം പോൾ സ്ഥാപിച്ചു കൊണ്ടാണ് എല്ലാ ലൈറ്റുകളും സ്ഥാപിച്ചിട്ടുള്ളത് എന്ന വിവരം ബോധിപ്പിക്കുന്നു.
7.ഗ്രാമപഞ്ചായത്ത് തീരുമാനപ്രകാരം പ്രസിഡണ്ട് ക്രൂസ് മായി ബന്ധപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേടു വന്ന ലൈറ്റുകൾ ടി സ്ഥാപനം റിപ്പയർ ചെയ്തു നൽകിയിട്ടുണ്ട്.ആയതിനാൽ പിന്നീട് നിയമനടപടികൾ സ്വീകരിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല എന്ന കാര്യം ബോധിപ്പിക്കുന്നു.
മേൽ പ്രകാരമുള്ള സർക്കാർ ഉത്തരവ് , എം ഡി ക്രൂസ് &ബഹു പഞ്ചായത്ത് ഡയറക്ടർ നൽകിയ കത്ത് ,തദ്ദേശ വകുപ്പ് കോർഡിനേഷൻ കമ്മിറ്റിയുടെ അനുമതി എന്നിവയും മേൽപ്രകാരം സമർപ്പിച്ച വസ്തുതകളും പരിഗണിച്ചു ഓഡിറ്റ് തടസം നീക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

## 1-36 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഭാവിയിൽ വിദ്യാർത്ഥികളുടെയും ,കോഴ്സുകളുടെയും വർഷവും,വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്ന് നിർവഹണോദ്യോഗസ്ഥയായ അസിസ്റ്റന്റ്സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട് . .ആയത് പരിഗണിച്ച് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു.

## 1-37 വായനശാലകൾക്കും ക്ലാസ് റൂമുകൾക്കും ദിനപത്രം - അപാകത സംബന്ധിച്ച്.

നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി സമർപ്പിച്ചിട്ടുണ്ട്.ഭരണസമിതിയോഗം മറുപടി പരിശോധിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നതിന് തീരുമാനിച്ചു.ടി മറുപടി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

## 1-38 ഇ-ടെണ്ടർ മുഖേനയുള്ള ടെണ്ടർ ഫീ അസി. എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ ക്രെഡിറ്റ് വരുന്നില്ല.

**മലപ്പുറം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ ടെൻഡർ ഫീ ഇനത്തിൽ ലഭ്യമായ 322660/- രൂപ സൂചന-2 റസിപ്റ്റ് നമ്പർ- 1240000316 പ്രകാരം പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിൽ അടവാക്കിയതിന്റെ റസിപ്റ്റ് മുൻ ഓഡിറ്റ് റിപ്പോർട്ടിലെ മറുപടി കത്തിനോടൊപ്പം സമർപ്പിച്ചിട്ടുള്ളതാണ് ( റസിപ്റ്റ് നമ്പർ 1240000316 DATE: 01/01/2025 ). കൂടാതെ നാളിതുവരെ** അസിസ്റ്റന്റ്**എഞ്ചിനീയറുടെ കീഴിൽ ടെണ്ടർ ചെയ്തിട്ടുള്ള പ്രവർത്തികളുടെ ടെണ്ടർ ഫീ കണക്കാക്കി ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.**
**26.09.2024 ന്** അസിസ്റ്റന്റ്**എഞ്ചിനീയറുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുള്ളതും പ്രസ്തുത അക്കൗണ്ട് ഇ ടെണ്ടർ ലോഗിനുമായി മേപ്പ് ചെയ്യുന്നതിനായി 14/08/2025, 23/08/2025 എന്നീ തിയ്യതികളിൽ അപേക്ഷിച്ചിട്ടുള്ളതുമാണ്. എന്നാൽ മേൽ വിഷയത്തിൽ മറുപടിയൊന്നും ലഭ്യമാകാത്തതിനാൽ ഇ ടെണ്ടർ സൈറ്റിലെ ഹെൽപ് ഡെസ്ക്കുമായി ബന്ധപ്പെട്ട് വീണ്ടും** അസിസ്റ്റന്റ്**എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ഇ -ടെൻഡർ ലോഗിനുമായി മേപ്പ് ചെയുന്നതിനായി 01/12/2025 തിയ്യതിയിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് . പുതിയ അപേക്ഷ പ്രകാരം ബാങ്ക് അക്കൗണ്ട് ഇ -ടെൻഡർ ലോഗിനുമായി മേപ്പ് ചെയ്തു എന്ന് ഉറപ്പ് വരുത്തി തുടർന്ന് വരുന്ന ഇ ടെണ്ടറുകളുടെ ടെണ്ടർ ഫീ പഞ്ചായത്തിലേക്ക് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്**

**എന്ന വിവരം അറിയിച്ചുകൊള്ളുന്നു.**
**മേൽ കാരണങ്ങളാൽ ഓഡിറ്റ് എൻക്വയറി നമ്പർ 36/2024-25/17.7.2024 ഒഴിവാക്കി നൽകുന്നതിനായി അപേക്ഷിക്കുന്നു.**

## 1-39 ബഡ്സ് സ്കൂൾ നാളിതു വരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

ബഡ്സ് സ്കൂൾ 16/10/2025 ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.ആയത് പരിഗണിച്ച് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു.

## 1-40 ഉങ്ങുങ്ങൽ അങ്കണവാടി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടുണ്ട്.ആയത് ഇതോടൊപ്പം ചേർക്കുന്നു.

## 1-41 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല

വാർഷിക പദ്ധതി മാർഗരേഖ സ.ഉ.(കൈ) നം.84/2022/ത.സ്വ.ഭ.വ തീയതി. 19.04.2022 , ഖ.3.1.2 എന്നിവയിൽ വ്യക്തമാക്കിയ പ്രകാരം 13 വർക്കിങ് ഗ്രൂപ്പുകളുടെ പ്രവർത്തനം നടപ്പ് സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതാണെന്നും , മാർഗ്ഗരേഖയിൽ നിർദേശിക്കപ്പെട്ട പ്രകാരം എല്ലാ വർക്കിങ് ഗ്രൂപ്പുകളും അതത് മേഖലയിലെ പദ്ധതികളുടെ മോണിറ്ററിങ് ചുമതല നടപ്പിലാക്കുന്നതിന് നിർദേശം നൽകുന്നതും ,ആയതിന് വേണ്ട സൗകര്യങ്ങൾ ചെയ്തു നൽകുന്നതാണെന്നും ഇക്കാര്യം നടന്നു വരുന്നുണ്ട് പ്രത്യേകം ഉറപ്പു വരുത്തുന്നതാണെന്നും ബോധിപ്പിക്കുന്നു.

## 1-42 പാലിയേറ്റീവ് പരിചരണം- മരുന്നുകൾ ലഭ്യമായിട്ടില്ല

പാലിയേറ്റിവ് പദ്ധതി പ്രകാരം ആകെ ഏഴു ലക്ഷത്തി അമ്പതിനായിരം രൂപയിൽ 175163/- രൂപയുടെ മരുന്ന് ഹെൽത്ത് സെന്ററിൽ ലഭ്യമായതായും ,ബാക്കി 574837/- രൂപയുടെ മരുന്ന് പെട്ടെന്ന് ലഭ്യമാകുന്നതും വിവരം ഓഡിറ്റിനെ അറിയിക്കുന്നതുമാണ് എന്ന വിവരം സമർപ്പിക്കുന്നു

## 1-43 പാലിയേറ്റീവ് -വാഹന വാടക -ആദായ നികുതി ഈടാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ മറുപടി സമർപ്പിച്ചിട്ടുണ്ട്.ഭരണസമിതിയോഗം മറുപടി പരിശോധിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നതിന് തീരുമാനിച്ചു.ടി മറുപടി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

## 1-44 ടേക്ക് എ ബ്രേക്ക് ടോയ്ലറ്റ് നാളിതു വരെ പ്രയോജനപ്പെടുത്തിയിട്ടില്ല.

ടേക്ക് എ ബ്രേക് കേന്ദ്രത്തിൽ സന്നദ്ധ സേവനം കൂടെ പ്രയോജനപ്പെടുത്തി നിലവിലുള്ള കുഴൽ കിണറിൽ വെള്ളം ലഭ്യമാക്കുകയും ,പഞ്ചായത്ത് മോട്ടോർ സ്ഥാപിക്കുകയും ,കേന്ദ്രത്തിന്റെ സുരക്ഷക്ക് വേണ്ടി സി സി ടി വി കാമറ ,കേന്ദ്രത്തിന് മുൻവശത്ത് സോളാർ ലൈറ്റ് എന്നിവ സ്ഥാപിക്കുകയും ടോയ്ലെറ്റ് സൗകര്യങ്ങൾ ഉപയോഗ യോഗ്യമാക്കുകയും ചെയ്തിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.ടി സൗകര്യങ്ങൾ ഏർപ്പെടുത്തിയ ശേഷം 5.11.2025 തീയതിയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടേക്ക് എ ബ്രേക്ക് കേന്ദ്രം ഉത്ഘാടനം നിർവഹിച്ചിട്ടുണ്ട്.പൊതു ജനങ്ങൾക്ക് ശുചി മുറി സൗകര്യങ്ങൾക്ക് പുറമെ ടി കേന്ദ്രത്തിൽ വെച്ച് സ്വകാര്യ വ്യക്തിയുടെ സഹകരണത്തോടെ സൗജന്യ കഞ്ഞി വിതരണം നടത്തുന്നതിന് ധാരണ ആയിട്ടുണ്ട് .തദ്ദേശ തെരെഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം പിൻവലിക്കപ്പെടുന്ന മുറക്ക് ആരംഭിക്കുന്നതാണ് എന്ന വിവരവും സമർപ്പിക്കുന്നു.

## 1-45 അസി.എഞ്ചിനീയറുടെ ക്യാഷ് ബുക്ക് സൂക്ഷിപ്പ്

ശ്രദ്ധിച്ചു.

## 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ചുള്ള പരിശോധന

ശ്രദ്ധിച്ചു.

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ശ്രദ്ധിച്ചു.

## 4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ശ്രദ്ധിച്ചു.

## 4-4 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

1.KSEB DEPOSIT DETAILS.

സെക്രട്ടറി നിർവ്വഹണം നടത്തിയ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (195/25) എന്ന പദ്ധതി പ്രകാരം കുന്നുംപ്പുറം തലപ്പാറ കെ എസ് ഇ ബി സെക്ഷനുകൾ മുഖേന ഡെപ്പോസിറ്റ് ചെയ്ത

തുകകളിൽ തലപ്പാറ കെ എസ് ഇ ബി യിൽ നിന്നുള്ള യു സി നേരത്തെ ഓഡിറ്റ് മുൻപാകെ സമർപ്പിച്ചിട്ടുണ്ട്.
കുന്നുംപുറം കെ എസ് ഇ ബി യിൽ നിന്നും യു സി ലഭ്യമാക്കുന്നതിനായി അറിയിപ്പ് നൽകിയിട്ടുണ്ട് ,ലഭ്യമാക്കി ഓഡിറ്റ് മുൻപാകെ സമർപ്പിക്കുന്നതാണ്.
2.GWD DEPOSIT DETAILS
GWD മുഖേന ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ GWD നിന്നും യു സി ലഭ്യമാക്കുന്നതിനായി അറിയിപ്പ് നൽകിയിട്ടുണ്ട് ,ലഭ്യമാക്കി ഓഡിറ്റ് മുൻപാകെ സമർപ്പിക്കുന്നതാണ്.
3.പഞ്ചായത്ത് മീറ്റിംഗ് ഹാളിലേക്ക് സൗണ്ട് സിസ്റ്റം/പ്രൊജക്ടർ വാങ്ങൽ (391/25) എന്ന പദ്ധതി പ്രകാരം 15.3.2025 തീയതി അതായത് 2024 -2025 സാമ്പത്തിക വർഷത്തിലെ അവസാന മാസത്തിലാണ് ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റിലേക്ക് തുക്ക ഡെപ്പോസിറ്റ് ചെയ്തത്.എന്നാൽ 2025 -2026 സാമ്പത്തിക വർഷം ഒക്ടോബർ മാസത്തിൽ പദ്ധതി പ്രകാരം പഞ്ചായത്ത് മീറ്റിംഗ് ഹാളിൽ സൗണ്ട് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്.ടി പ്രവർത്തി പൂർത്തീകരിക്കുകയും സൈറ്റ് HANDOVER സെക്രട്ടറിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട് ,സാക്ഷ്യപത്രം ഇതോടൊപ്പം സമർപ്പിക്കുന്നു.ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.
4.എം.ജി എൻ. ആർ.ഇ.ജി എസ്സ് ഉൾപ്പെടുത്തി സിദ്ധീഖാബാദ് അംഗനവാടി നിർമ്മാണം (194/25) എന്ന പദ്ധതി പ്രകാരം ഏഴു ലക്ഷം രൂപ എം.ജി എൻ. ആർ.ഇ.ജി എസ് മിഷൻ ഡയറക്റ്റർക്ക് കൈമാറുകയും പ്രവർത്തി മെയിൻ സ്ലാബ് വേ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.വളരെ പെട്ടെന്ന് പൂർത്തിയാക്കുന്നതും ,യു സി ലഭ്യമാക്കുന്നതുമാണ്.
എം.ജി എൻ. ആർ.ഇ.ജി എസ് വിഭാഗം നൽകിയ റിപ്പോർട്ട് ഇതോടൊപ്പം ചേർക്കുന്നു.

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ശ്രദ്ധിച്ചു

## 4-6 വായ്പ /വായ്പ തിരിച്ചടവ്

ശ്രദ്ധിച്ചു.

## 4-7 സ്ഥിര നിക്ഷേപം

ശ്രദ്ധിച്ചു.

## 4-8 ഓഡിറ്റ് റിക്കവറി

ശ്രദ്ധിച്ചു.

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ശ്രദ്ധിച്ചു.

## 4-10 ചാർജ് സർചാർജ് നടപടികളുടെ വിവരം.

പരിശോധിച്ച് ബോധ്യപ്പെട്ടു

## 4-11 ഓഡിറ്റ് പ്രത്യവലോകനം

പരിശോധിച്ച് ബോധ്യപ്പെട്ടു

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ശ്രദ്ധിച്ചു.